LIBRARY ARCHIVES Kerala Legislative Assembly

വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

71(2272) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ എത്ര വൈദ്യുതി ഉപഭോക്താക്കളാണ് ഗാർഹികേതരവുമായി ഉള്ളതെന്ന് പറയാമോ; ഇത് എതൊക്ക പഞ്ചായത്തുകളിലാണ് വരുന്നത്; ശബരിമല ഉൾപ്പെടെയുള്ള വളരെ വിപുലമായ പ്രദേശം ഒരു വൈദ്യുതി സെക്ഷനുകീഴിൽ മാത്രമായി പ്രവർത്തിക്കുന്നത് പ്രായോഗികമാണോ;

(ബി) വീടുകളുടെ എണ്ണവും ഉപഭോക്താക്കളുടെ എണ്ണവും വർദ്ധിച്ചതനുസരിച്ച് വടശ്ശേരിക്കര സെക്ഷൻ വിഭജിച്ച് അത്തിക്കയത്തോ പെരുനാട്ടിലോ കേന്ദ്രമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാവുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വടശ്ശേരിക്കര സെക്ഷനുകീഴിൽ ആകെ 18514 ഉപഭോക്താക്കളാണുള്ളത്. ഇതിൽ 14771 ഗാർഹിക ഉപഭോക്താക്കളും 3743 ഗാർഹികേതര ഉപഭോക്താക്കളുമാണുള്ളത്. റാന്നി-പെരുനാട്, വടശ്ശേരിക്കര, നാറാണംമൂഴി, റാന്നി, മലയാലപ്പുഴ, മൈലപ്ര, പഴവങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രദേശങ്ങളാണ് വടശ്ശേരിക്കര സെക്ഷനുകീഴിലുള്ളത്. ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കുന്നതിനും തീർത്ഥാടകർക്കും കച്ചവടക്കാർക്കും സുഗമമായി വൈദ്യുതി 24x7 ഉറപ്പാക്കുന്നതിനും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി വൈദ്യുതി ബോർഡിന്റെ കീഴിൽ ശബരിമല കേന്ദ്രമാക്കി ഒരു സബ് എഞ്ചിനീയർ ഓഫീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളനുസരിച്ച് പ്രസ്തുത സെക്ഷൻ വിഭജിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

സൗരോർജ്ജവും ഗാർഹിക ഉപഭോക്താക്കളും

72(2273) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടാവശ്യത്തിന് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് ധനസഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) സൗരോർജ്ജ പാനലുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികൾകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭ്യമാണ്. വീട്ടാവശ്യത്തിനുള്ള സൗരോർജ്ജ പാനലുകൾ ഗ്രിഡ് ബന്ധിതമായും ഗ്രിഡ് ബന്ധിതമല്ലാതെയും രണ്ട് തരത്തിൽ സ്ഥാപിക്കുന്നുണ്ട്. അനെർട്ടിന്റെ 10000 സൗരഗൃഹ പദ്ധതിയിൻകീഴിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കു

ന്നവർക്ക് നിലവിൽ ഒരു കിലോവാട്ടിന്റെ പ്ലാന്റ് ഒന്നിന് 91,197 രൂപയും സോളാർ കണക്ട് ശൃംഖലാബന്ധിത വൈദ്യുത പദ്ധതിയിൻകീഴിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 34,000 രൂപ എന്ന നിരക്കിലും ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഗ്രിഡ് ബന്ധിതമല്ലാതെയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് അവർ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഓരോ യൂണിറ്റിനും കെ.എസ്.ഇ.ബി.എൽ. ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് (GBI)നൽകുന്നുണ്ട്. എന്നാൽ ഗ്രിഡ്ബന്ധിതമായി സ്ഥാപിക്കുന്ന സൗരോർജ്ജ പാനലുകളിൽ ഓരോ വർഷവും ഒക്ടോബർ മാസം 1-ാം തീയതി മുതൽ അടുത്ത സെപ്റ്റംബർ മാസം 30-ാം തീയതി രാത്രി 12 മണിക്ക് നെറ്റ് മീറ്ററിൽ ലഭ്യമാകുന്ന കയറ്റുമതി (Export) യൂണിറ്റ് വൈദ്യുതിക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയനുസരിച്ചുള്ള തുക ഉപഭോക്താവിന് ലഭ്യമാക്കുന്നതാണ്.

(ബി) അനെർട്ട് ആവിഷ്കരിച്ചു നടപ്പാക്കുന്ന മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അനെർട്ട് എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളുടെ ലിസ്റ്റ് അനുബന്ധം (1), (2) ആയി ചേർക്കുന്നു.*

പുഴക്കാട്ടിരി ഇലക്ട്രിക്കൽ സെക്ഷൻ

73(2274) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് ഗ്രാമ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യം അനുവദിക്കാൻ ബഹു. ഊർജ്ജ വകുപ്പ് മന്ത്രി അനുമതി നൽകിയിട്ടും നാളിതുവരെ പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നേരത്തെ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ ഓഫീസ് വിഭജനത്തിനുള്ള മാനദണ്ഡത്തിൽ (സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുക) ഉൾപ്പെടാത്തതിനാൽ പുഴക്കാട്ടിരി സെക്ഷൻ ശുപാർശ ചെയ്യുന്നത് പരിഗണിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഒക്ടോബർ 2015-ൽ ലഭ്യമായ കണക്കനുസരിച്ച് മക്കരപറമ്പ് സെക്ഷനിലെ ഉപഭോക്താക്കളുടെ എണ്ണം 25000 കടന്നിട്ടുണ്ട്. ഇതിനാൽ ടി സെക്ഷൻ വിഭജിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly